COCHIN DEVASWOM BOARD
Round North, Thrissur – 680 001
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org

No. A3.6562/19 Dated: 31/07/2024

## ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിലുള്ള ചോറ്റാനിക്കര ഭഗവതി ക്ഷേത്രം, കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രം, തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം, ശ്രീവടക്കുംനാഥൻ ക്ഷേത്രം, തിരുവില്വാമല ക്ഷേത്രം, ചിറ്റൂർക്കാവ് ക്ഷേത്രം ,എന്നിവിടങ്ങളിൽ 1200 എം.ഇ. ചിങ്ങം 1 മുതൽ ഒരു വർഷ കാല യളവിലേക്ക് അലുമിനിയം Foiled Paper കോമ്പോസിറ്റ് കണ്ടെയ്നറുക ളിൽ ദേവസ്വം നിശ്ചയിച്ചു തരുന്ന സ്റ്റിക്കർ സ്വന്തം ചെലവിൽ അച്ചടിച്ച് പതിച്ച് സ്പെഷ്യൽ നെയ്പായസം നിറച്ച് വായു പ്രവേശിക്കാത്ത രീതി യിൽ സീൽ ചെയ്തു നൽകുന്നതിന് താൽപര്യമുള്ളവിൽ നിന്ന് സീൽ ചെയ്ത ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറിനോടൊപ്പം കുറഞ്ഞത് 2 വർഷമെങ്കിലും ഒരു മഹാക്ഷേത്രത്തിൽ മുടക്കം കൂടാതെ പായസം പായ്ക്ക് ചെയ്ത് പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, കണ്ടെയ്നർ ഫുഡ് സേഫ്റ്റി ആണെന്ന് തെളിയിക്കുന്നതിന് നിർമ്മാതാവിന് Central Food Techonology Research Institute ൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്ക റ്റിന്റെ കോപ്പി എന്നിവ സമർപ്പിക്കേണ്ടതാണ്. സ്വന്തമായി കണ്ടെയ്നർ നിർമ്മാണ യൂണിറ്റ് ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്. ടെണ്ടറി നോടൊപ്പം ഒരു സാമ്പിൾ കണ്ടെയ്നർ (250 മി.ലീ) സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യമായി ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന പേരിൽ 10,000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്.ടെണ്ടറുകൾ 2024 ആഗസ്റ്റ് 8ന് ഉച്ച തിരിഞ്ഞ് 3 PM വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.30 PM ന് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറക്കുന്നതും തുടർനടപടികൾ സ്വീകരി ക്കുന്നതുമാണ്. ഈ ടെണ്ടറിനെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് ചോറ്റാ നിക്കര അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസ്, തിരുവഞ്ചിക്കുളം ഗ്രൂപ്പ്

ദേവസ്വം അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസ്, കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്, തൃശ്ശൂർ അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസ്, തിരുവില്വാമല ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും പ്രവർത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്. ഈ ടെണ്ടറുകൾ മാറ്റി വെക്കുന്നതിനോ യുക്തമെന്ന് തോന്നുന്ന മറ്റ് നടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പിടുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

| | | |
|---|---|---|
| കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ് | : | 0487-2331124 |
| ചോറ്റാനിക്കര അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് | : | 0484-2711032 |
| തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് | : | 0480-2802446 |
| തൃശ്ശൂർ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് | : | 0487-2420163 |
| തിരുവില്വാമല അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് | : | 04884-235600 |

(ഒപ്പ്)
ദേവസ്വം കമ്മീഷണർ (ഇൻചാർജ്ജ്)
കൊച്ചിൻ ദേവസ്വം ബോർഡ്